# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 8<br>October 8 | 2020 |
|---|---|

**1195 കന്നി 22 വ്യാഴം**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**പത്തനംതിട്ട ജില്ലയിലെ കെ യ്ൻമെന്റ് സോൺ നിയന്ത്രണം**

പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 14, 20, തിരുവല്ല നഗരസഭയിലെ വാർഡ് 16 (കറ്റോട് ഭാഗം), കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 13 (ഒന്നാംകുറ്റി ജംഗ്ഷൻ മുതൽ പെരുന്താളൂർ കോളനി, കനാൽ റോഡ് ഭാഗം വരെ), പത്തനംതിട്ട നഗരസഭയിലെ വാർഡ് 21, അടൂർ നഗരസഭയിലെ വാർഡ് 4 (പ്ലാവിളത്തറ അടവിളപ്പടി ഭാഗം), ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 9 (ഓതറ തെക്ക് ഭാഗം), വാർഡ് 16 (വള്ളം കുളം തെക്ക്), കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിലെ വാർഡ് 8, 14, ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 4 (ഊട്ടുപാറ മലനടക്ഷേത്ര പരിസരം) എന്നീ സ്ഥലങ്ങളിൽ ഒക്ടോബർ 08 മുതൽ 7 ദിവസത്തേക്ക് കെ യ്ൻമെന്റ് സോൺ നിയന്ത്രണം ഏർപ്പെടുത്തി.

രോഗം സ്ഥിരീകരിച്ചവരുടെ സമ്പർക്കപട്ടികകൾ ഉയരുന്നതു കണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ കെ യ്ൻമെന്റ് സോണുകൾ ജില്ലാ കളക്ടർ പി.ബി.നൂഹ് പ്രഖ്യാപിച്ച് ഉത്തരവായത്.

(പിഎൻപി 4163/20)

**കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി**

നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ വാർഡ് 3, അയിരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 1 (അയിരൂർ ഗ്രാമ പഞ്ചായത്ത് മുക്ക് മുതൽ എൻ.എസ്.എസ് സ്കൂൾ വരെ, ഒന്നാം വാർഡിൽ കുറ്റൂർ ഗ്രാമപഞ്ചായത്തിനോട് ചേർന്നുള്ള ഭാഗം), നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ വാർഡ് 3 എന്നീ സ്ഥലങ്ങളിൽ ഒക്ടോബർ 9 മുതൽ കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ച കെ യൻമെന്റ് സോൺ നിയന്ത്രണം അവസാനിക്കുന്ന സാഹചര്യത്തിലും കെ യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഉത്തരവായത്.

(പിഎൻപി 4164/20)

**അമലഹരിതം പദ്ധതിയുമായി കുളനട ഗ്രാമപഞ്ചായത്ത്**

ശുചിത്വ മാലിന്യ സംസ്കരണത്തിൽ മികച്ച നേട്ടം കൈവരിച്ച് കുളനട ഗ്രാമപഞ്ചായത്ത് ശുചിത്വ പദവിയിലേക്ക്. സംസ്ഥാന സർക്കാരിന്റെ പന്ത്ര 1ന കർമ്മപരിപാടിയുടെ ഭാഗമായി ഖരമാലിന്യരഹിത പഞ്ചായത്ത് എന്ന നേട്ടം കൈവരിച്ച് സ്വാതന്ത്ര്യദിനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശോകൻ കുളനട ശുചിത്വ പദവി പ്രഖ്യാപനം നടത്തി. ജില്ലാ കളക്ടർ നിയമിച്ച വിദഗ്ധ സമിതിയുടെ വിലയിരുത്തലിൽ കുളനട ഗ്രാമപഞ്ചായത്ത് 80 ശതമാനം മാർക്ക് നേടി നാളെ(ഒക്ടോബർ 10) രാവിലെ 10ന് മുഖ്യമന്ത്രി നടത്തുന്ന ശുചിത്വ പദവി പ്രഖ്യാപനത്തിന് യോഗ്യത നേടി.

**മാനദണ്ഡങ്ങൾ ഇങ്ങനെ**

ഹരിതകർമ്മസേനയുടെ പ്രവർത്തനം, ജൈവ-അജൈവ മാലിന്യ സംസ്കരണം, പുനരുപയോഗം, പൊതുശുചിത്വം, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ, ഗ്രീൻ പ്രോട്ടോക്കോൾ പാലനം എന്നിവയാണ് ശുചിത്വ പദവി നേടുന്നതിനുള്ള പ്രധാന ഘടകങ്ങൾ.

**മാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ**

**'അമല ഹരിതം' പദ്ധതി**

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനായി പഞ്ചായത്തിന്റെ എല്ലാ ഘടക സ്ഥാപനങ്ങളിലും സ്കൂളുകളിലും പേപ്പർ ബാഗ്, തുണി സഞ്ചി എന്നിവ നൽകിയിട്ടു ്. കുളനട ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 'അമല ഹരിതം' പദ്ധതിക്ക് തുടക്കം കുറിച്ചു. ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ 50 മൈക്രോണിൽ താഴെയുള്ള എല്ലാ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗവും നിരോധിച്ചു. ശിക്ഷാ നടപടികളുടെ ഭാഗമായി മാലിന്യ സംസ്ക്കരണം ശരിയായ രീതിയിൽ നടപ്പാക്കാത്ത ഒരു ഹോട്ടൽ പൂട്ടുകയും മൂന്നു കടകളിൽ നിന്നും 2000 രൂപ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുകയും ചെയ്തു.

**എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്**

ജൈവ മാലിന്യ സംസ്കരണത്തിനായി വീടുകളിൽ കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചു നൽകി. ഇതുകൂടാതെ കുളനട ഗ്രാമപഞ്ചായത്തിലെ മത്സ്യ ചന്തയിൽ ജൈവ മാലിന്യത്തെ വളമാക്കി മാറ്റുന്ന എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു. സ്കൂളുകളിലും ഹോട്ടലുകളിലും ജൈവ മാലിന്യ സംസ്കരണ ഉപാധിയായ ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു നൽകി. ഇതിലൂടെ ലഭിക്കുന്ന വളം ജൈവ പച്ചക്കറിക്ക് ഉപയോഗിക്കുന്നു.

**പ്ലാസ്റ്റിക് കുപ്പി ശേഖരണത്തിന് ബോട്ടിൽ ബൂത്തുകൾ**

പഞ്ചായത്തിന്റെ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടു ്. ആകെ 2,81,771 ചിലവിൽ 23 ബോട്ടിൽ ബൂത്തുകൾ ഉ ്. കുളനട ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 34 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. അജൈവ മാലിന്യ ശേഖരണത്തിനായി എല്ലാ മാസവും ഒന്നു മുതൽ ഏഴുവരെയുള്ള തീയതികളിൽ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ കുളനട, ഉളനാട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന എം.സി.എഫിലേക്ക് മാറ്റുകയും തുടർന്ന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. 4,41,240 രൂപ ചിലവിൽ 24 മിനി എം.സി.എഫുകൾ കുളനട ഗ്രാമപഞ്ചായത്തിൽ ഉ ്. വീടുകളിൽ നിന്നും 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 200 രൂപയും യൂസർഫീ ആയി ഈടാക്കുന്നു ്. ഒരു ഹരിത കർമ്മ സേന അംഗത്തിന് 1050 മുതൽ 7500 രൂപ പ്രതിമാസം വരുമാനം ലഭിക്കുന്നു.

**ഹരിതചട്ടം**

ഗ്രാമപഞ്ചായത്തും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളും പൊതുപരിപാടികളുമെല്ലാം ഹരിതചട്ടം പാലിക്കുന്നു ്. അംഗൻവാടി, സ്കൂൾ, ബാങ്ക്, ഓഡിറ്റോറിയം, ഹോട്ടൽ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ ഹരിതചട്ടം പാലിക്കുന്നും. സമ്മേളനങ്ങൾ, കല്യാണങ്ങൾ, ഉത്സവങ്ങൾ തുടങ്ങി പൊതുജനങ്ങൾ പങ്കെടുക്കുന്ന പരിപാടികൾ എല്ലാം തന്നെ ഹരിതചട്ടം പാലിക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നു.

**മാലിന്യ മഹാരാജൻ**

മാലിന്യം നാടിന് ആപത്താണ് എന്ന് വിളിച്ചോതുന്ന തരത്തിലുള്ള 'മാലിന്യ മഹാരാജൻ' എന്ന ലഘു നാടകം ശുചിത്വ സന്ദേശ റാലിയിൽ ജനശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു. ഒന്നാം വാർഡ് മെമ്പറായ കെ.ആർ.ജയചന്ദ്രൻ എഴുതി സംവിധാനം ചെയ്ത 'മാലിന്യ മഹാരാജൻ' എന്ന നാടകത്തലൂടെ കുട്ടികളും മുതിർന്നവരും ഒരേപോലെ പങ്കെടുത്ത് വളരെ വലിയൊരു സന്ദേശം പൊതുജനങ്ങളിലെത്തിക്കാൻ ഇതിലൂടെ സാധിച്ചു.

പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ നിരവധി ക്യാമ്പയിനുകളും ബോധവത്ക്കരണങ്ങളും നടത്തി. കുടുംബശ്രീ അംഗങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായ സംഘടനകൾ, സ്കൂൾ കുട്ടികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി വിവിധ തലങ്ങളിൽ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനായി ശുചിത്വ സന്ദേശ റാലി സംഘടിപ്പിച്ചു.

**പ്ലാസ്റ്റിക്കിന് വിട; ഉളനാട് ഹരിതഗ്രാമമാകുന്നു**

കുളനട ഗ്രാമപഞ്ചായത്തിനെ മാലിന്യ വിമുക്തമാക്കുന്നതിന്റെ ആദ്യ പടിയായി ഉളനാട് വാർഡ് മെമ്പർ പോൾ രാജൻ, കുടുംബശ്രീ പ്രവർത്തകർ, എൻ.എൻ.എസ് വോളന്റിയേഴ്സ്, രാഷ്ട്രീയ-മത സംഘടനയിൽ ഉള്ളവർ, ഹരിതകർമ്മസേനാംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വാർഡ് മുഴുവൻ ശുചീകരിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത ഗ്രാമമാക്കി പ്രഖ്യാപിച്ചു. ഹരിതകേരളം മിഷന്റെ ചുവടുപിടിച്ച് വാർഡ് വികസന സമിതിയുടെ നേതൃത്വത്തിൽ ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി എന്നീ മേഖലകളിലാണ് പ്രവർത്തനങ്ങൾ നടത്തിയത്. ഇതിന്റെ ഭാഗമായി പച്ചക്കറി കൃഷിയും ചെയ്തിട്ടു ്. ഒരു വർഷക്കാലത്തോളം നീ ു നിന്ന പ്രവർത്തനങ്ങളുടെ ഫലമായാണ് ഇത്തരമൊരു നേട്ടം കൈവരിക്കാൻ ഉളനാടിനായത്. ഹരിതഗ്രാമമാകുന്നതിന്റെ ഭാഗമായി വാർഡിലെ എല്ലാ വീടുകളിലും തുണിസഞ്ചികൾ വിതരണം ചെയ്തു. സ്കൂളുകളിൽ സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും നൽകി. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കുളനട ഗ്രാമപഞ്ചായത്ത്, വിവിധ സാമൂഹ്യ സന്നദ്ധ സംഘടകൾ, എൻ.എസ്.എസ് യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ 'പോളച്ചിറയ്ക്കായി മഴനടത്തം' പരിപാടി സംഘടിപ്പിച്ചു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനു വേ ിയും മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും തടയുന്നതിന് വേ ിയുമുള്ള പരസ്യ സന്ദേശങ്ങൾ വാർഡിലെ പ്രധാനപ്പെട്ട ചുവരുകളിൽ ഇന്നും ഒളിമങ്ങാതെ നിൽക്കുന്നു.

**കുപ്പണ്ണൂർ തീരം മാലിന്യത്തിൽ നിന്ന് മലർവാടിയിലേക്ക്**

ഒന്നര വർഷം മുമ്പ് യാത്രക്കാരും നാട്ടുകാരും മൂക്കു പൊത്തി നടന്ന സ്ഥലം ഇന്ന് കുളിർകാറ്റ് വീശുന്ന ഉദ്യാനമായി മാറി. കുളനട ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ മാലിന്യ കൂമ്പാരമായിരുന്ന കുപ്പണ്ണൂർ പുഞ്ച ഹരിതകർമ്മസേനാംഗങ്ങൾ, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ കാടും മാലിന്യങ്ങളും നീക്കം ചെയ്ത് പൂന്തോട്ടം നിർമ്മിക്കുകയും കുട്ടികൾക്കായി പാർക്കും സ്ഥാപിച്ചു. മാലിന്യം വലിച്ചെറിയുന്നവരെ ക െത്താൻ വേ ി നിരീക്ഷണ ക്യാമറയും ഇവിടെ സജ്ജമാക്കിയിട്ടു ്.

നാളെ(2020 ഒക്ടോബർ 10) രാവിലെ 10ന് മുഖ്യമന്ത്രി പിണറായി വിജയൻ ശുചിത്വ പദവി പ്രഖ്യാപനം നടത്തും. അന്നേദിവസം ജില്ലാ തലത്തിൽ നിയമിച്ച ഉദ്യോഗസ്ഥർ ശുചിത്വ പദവി കരസ്ഥമാക്കിയതിനുള്ള ഉപഹാരവും സാക്ഷ്യപത്രവും നൽകും. നിലവിൽ ഉള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് നീങ്ങുകയാണ് കുളനട ഗ്രാമപഞ്ചായത്ത്. 'സുന്ദര ഗ്രാമം സുസ്ഥിര ഗ്രാമം' എന്ന ആശയം നിറവേറ്റി ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് അശോകൻ കുളനടയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ്.

(പിഎൻപി 4165/20)

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില് നിന്ന്**

**റാന്നി താലൂക്കില് വിതരണം ചെയ്തത് 5.20 കോടി രൂപ**

ഈ സംസ്ഥാന സര്ക്കാര് അധികാരത്തില് വന്നതിനുശേഷം കഴിഞ്ഞ നാലര വര്ഷക്കാലയളവില് റാന്നി താലൂക്ക് പരിധിയില് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില് നിന്ന് വിതരണം ചെയ്തത് 5.20 കോടി രൂപ. 2016-2017 കാലയളവില് 1276 ഗുണഭോക്താക്കള്ക്ക് 1,55,50,000 രൂപയും 2017-2018 കാലയളവില് 947 ഗുണഭോക്താക്കള്ക്ക് 1,31,91,000 രൂപയും 2018-2019 കാലയളവില് 1269 ഗുണഭോക്താക്കള്ക്ക് 1,56,30,000 രൂപയും 2019- 2020 കാലയളവില് 350 ഗുണഭോക്താക്കള്ക്ക് 76,32,000 രൂപയും ഉള്പ്പെടെ ആകെ 5,20,03,000 രൂപയാണു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില് നിന്ന് വിതരണം ചെയ്തത്.

ഇതുകൂടാതെ 2017-2018 കാലയളവില് പ്രകൃതിക്ഷോഭംമൂലം വീടുകള്ക്ക് ഭാഗിക നഷ്ടം സംഭവിച്ച 86 ഗുണഭോക്താക്കള്ക്ക് നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് ധനസഹായം നല്കി. 2018-2019 കാലയളവില് വീടുകള്ക്ക് നാശനഷ്ടം സംഭവിച്ച 139 ഗുണഭോക്താക്കള്ക്കും 2019-2020 കാലയളവില് വീടുകള്ക്ക് നാശനഷ്ടം സംഭവിച്ച 148 ഗുണഭോക്താക്കള്ക്ക് ധനസഹായം നല്കി.

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തില് വീട് പൂര്ണ്ണമായി തകര്ന്ന 76 ഗുണഭോക്താക്കളില് 30 പേര്ക്ക് 4,00,000 രൂപ വീതവും സ്പോണ്സര് ഷിപ്പിലൂടെ നിര്മ്മാണം നടത്തുന്ന 36 ഗുണഭോക്താക്കള്ക്ക് എസ്ഡിആര്എഫില് നിന്നും 95,100 രൂപ വീതവും ധനസഹായം വിതരണം ചെയ്തു. ശേഷിക്കുന്ന 10 വീടുകള്ക്ക് മുത്തൂറ്റ് ഗ്രൂപ്പ് മുഖേന വീട് നിര്മ്മിച്ചുനല്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. 2018 പ്രളയത്തില് ദുരിത ബാധിതരായ 4097 ഗുണഭോക്താക്കള്ക്ക് അടിയന്തര ധനസഹായം 10,000 രൂപ വീതം വിതരണം ചെയ്തു.

ഭാഗിക നാശനഷ്ടം സംഭവിച്ച 2108 ഗുണഭോക്താക്കള്ക്ക് എല്എസ്ജിഡി നിശ്ചയിച്ച സ്ലാബ് അനുസരിച്ചുള്ള ധനസഹായവും വിതരണം ചെയ്തു.

2019 ലെ കാലവര്ഷത്തില് ദുരിത ബാധിതരായ പെരുനാട് വില്ലേജിലെ ബിമ്മരം കോളനി നിവാസികള്ക്ക് 10,000 രൂപ വീതം ലാന്ഡ് റവന്യു കമ്മീഷണറുടെ കാര്യാലയം മുഖേന വിതരണം ചെയ്തു.

298 പട്ടയങ്ങളും ആറ് എല്.ടി പട്ടയങ്ങളും വിതരണം ചെയ്തു. ക്യാന്സര് പെന്ഷന് ഇനത്തില് 1,39,12,550 രൂപയും ക്ഷയരോഗ പെന്ഷന് ഇനത്തില് 16,45,250 രൂപയും വിതരണം ചെയ്തു. താലൂക്ക് പരിധിയില് അയിരൂര് സ്മാര്ട്ട് വില്ലേജ് പ്രവര്ത്തനം ആരംഭിക്കുകയും ചെയ്തു.

(പിഎന്പി 4155/20)

**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി പ്രഖ്യാപനം**

**നാളെ (10) മുഖ്യമന്ത്രി നിര്വഹിക്കും**

**ഖരമാലിന്യ സംസ്കരണത്തില് മികവ് തെളിയിച്ച്**

**589 തദ്ദേശ സ്ഥാപനങ്ങള്**

സംസ്ഥാനത്തെ 589 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി സംസ്ഥാനതല പ്രഖ്യാപനം നാളെ (ഒക്ടോബര് 10 ശനി) രാവിലെ മുഖ്യമന്ത്രി പിണറായി വിജയന് ഓണ്ലൈനായി നിര്വഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീന് ചടങ്ങില് അധ്യക്ഷത വഹിക്കും. പന്ത്രണ്ടിന പരിപാടിയില് 500 ഗ്രാമപഞ്ചായത്തുകളെയും 50 നഗരസഭകളെയും ശുചിത്വ പദവിയില് എത്തിക്കുമെന്ന് സര്ക്കാര് പ്രഖ്യാപിച്ചിരുന്നു. ഇതിനെതുടര്ന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തില് ഹരിതകേരളം മിഷന്, ശുചിത്വ മിഷന്, ക്ലീന്കേരള കമ്പനി, കുടുംബശ്രീ, തൊഴിലുറപ്പ് മിഷന് എന്നിവ സംയുക്തമായി ആവിഷ് കരിച്ച നടപടിക്രമങ്ങളിലൂടെയാണു ഖരമാലിന്യ സംസ്കരണത്തില് മികവു തെളിയിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവിക്കായി തിരഞ്ഞെടുത്തത്. 501 ഗ്രാമപഞ്ചായത്തുകളും 58 നഗരസഭകളും 30 ബ്ലോക്കുപഞ്ചായത്തുകളുമാണ് നേട്ടം കൈവരിച്ചത്.

സംസ്ഥാനതല പദവി പ്രഖ്യാപന ചടങ്ങില് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിന്സിപ്പല് സെക്രട്ടറി ശാരദാ മുരളീധരന് ശുചിത്വ പദവി റിപ്പോര്ട്ട് അവതരിപ്പിക്കും. മേയേഴ്സ് കൗണ്സില് പ്രസിഡന്റ് തോട്ടത്തില് രവീന്ദ്രന്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബര് ചെയര്മാന് വി.കെ.മധു, ചേംബര് ഓഫ് മുനിസിപ്പല് ചെയര്മെന് വി.വി. രമേശന്, സെക്രട്ടറി സാബു കെ. ജേക്കബ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ്

അസോസിയേഷന് പ്രസിഡന്റ് ആര്.സുഭാഷ്, ഗ്രാമപഞ്ചായത്ത് അസോസിയേഷന് പ്രസിഡന്റ് അഡ്വ. തുളസീഭായ് പത്മാനാഭന്, ഹരിതകേരളം മിഷന് എക്സിക്യൂട്ടീവ് വൈസ് ചെയര്പേഴ്സണ് ഡോ. ടി.എന്.സീമ, ശുചിത്വമിഷന് എക്സിക്യൂട്ടീവ് ഡയറക്ടര് മിര് മുഹമ്മദ് അലി തുടങ്ങിയവരും ജനപ്രതിനിധികളും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുക്കും. തുടര്ന്ന് ശുചിത്വ പദവി കരസ്ഥമാക്കിയ തദ്ദേശ ഭരണ സ്ഥാപനങ്ങളില് നടക്കുന്ന ചടങ്ങില് സര്ട്ടിഫിക്കറ്റും പുരസ്കാരവും വിതരണം ചെയ്യും.

സമ്പൂര്ണ്ണ ശുചിത്വ പദവിയിലേക്കുള്ള ആദ്യ പടിയാണ് ഖരമാലിന്യ സംസ്കരണത്തില് മികവുതെളിയിച്ച തദ്ദേശ സ്ഥാപനങ്ങള്ക്ക് നല്കുന്ന ശുചിത്വ പദവി. ഖരമാലിന്യത്തിന് പുറമേ ദ്രവ-വാതക മാലിന്യ സംസ്കരണ മാര്ഗങ്ങളുള്പ്പെടെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ സകല ഘടകങ്ങളും പ്രാവര്ത്തികമാക്കുമ്പോള് തദ്ദേശ സ്ഥാപനങ്ങള്ക്ക് സമ്പൂര്ണ്ണ ശുചിത്വ പദവി നല്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള് ഇപ്പോള് കൈവരിച്ച നേട്ടത്തിലൂടെ സംസ്ഥാനത്തിന്റെ പകുതിയിലേറെ ഭൂപ്രദേശത്ത് ശാസ്ത്രീയ ഖരമാലിന്യ സംസ്കരണം പരമാവധി പ്രാവര്ത്തികമാക്കപ്പെടുകയാണെന്ന് ഹരിതകേരളം മിഷന് എക്സിക്യൂട്ടീവ് വൈസ് ചെയര്പേഴ്സണ് ഡോ.ടി.എന് സീമ അറിയിച്ചു.

ജൈവ മാലിന്യം ഉറവിടത്തില് സംസ്കരിക്കുക, അജൈവ മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനം സജ്ജമാക്കുക, അജൈവ മാലിന്യ ശേഖരണത്തിന് ഹരിത കര്മ്മസേനയുടെ സേവനവും സൂക്ഷിക്കുന്നതിന് മെറ്റീരിയല് കളക്ഷന് ഫെസിലിറ്റിയും ഒരുക്കുക, പൊതു സ്ഥലങ്ങള് മാലിന്യമുക്തമാക്കുക, സര്ക്കാര് ഓഫീസുകളിലും പൊതു സ്വകാര്യ ചടങ്ങുകളിലും ഗ്രീന് പ്രോട്ടോക്കോള് നടപ്പിലാക്കുക തുടങ്ങി 20 നിബന്ധനകള് സൂചകങ്ങളായി നിശ്ചയിച്ചുള്ള സര്ക്കാര് ഉത്തരവ് പാലിച്ചാണ് ശുചിത്വ പദവി നിര്ണയം നടത്തിയത്. 100 ല് 60 മാര്ക്കിനു മുകളില് ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ശുചിത്വ പദവിക്ക് അര്ഹത നേടിയത്.

(പിഎന്പി 4156/20)

**അടൂര് മണ്ഡലത്തില് മൂന്നു റോഡുകള്ക്ക് 8.35 കോടി രൂപ**

**അനുവദിച്ചു: ചിറ്റയം ഗോപകുമാര് എംഎല്എ**

അടൂര് നിയോജക മണ്ഡലത്തിലെ മൂന്ന് പിഡബ്ല്യുഡി റോഡുകള്ക്ക് 8.35 കോടി രൂപ അനുവദിച്ചതായി ചിറ്റയം ഗോപകുമാര് എംഎല്എ അറിയിച്ചു. ആനന്ദപ്പള്ളി -കൊടുമണ് റോഡിന് നാലു കോടി രൂപ, അടൂര് -മണ്ണടി റോഡിന് 3.75 കോടി രൂപ, ഏനാത്ത്- ഏഴംകുളം റോഡിന് 60 ലക്ഷം രൂപ എന്നിങ്ങനെയാണ് അനുവദിച്ചിരിക്കുന്നത്. ചിറ്റയം ഗോപകുമാര് എംഎല്എ പൊതുമരാമത്ത് മന്ത്രി ജി.സുധാകരന് നല്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് റോഡുകള്ക്ക് തുക അനുവദിച്ചത്. ഇതില് മണ്ണടി റോഡിന് നേരത്തെ രണ്ടു കോടി രൂപ അനുവദിച്ച് നിര്മാണപ്രവര്ത്തനങ്ങള് നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കി നിര്മ്മാണം പൂര്ത്തീകരിക്കുന്നതിന് വേണ്ടിയാണ് 3.75 കോടി രൂപ അനുവദിച്ചത്.

ഏനാത്ത്-ഏഴംകുളം പാതയുടെ നേരത്തെ നിര്മ്മാണം പൂര്ത്തീകരിച്ച ഭാഗത്തിന്റെ ശേഷിക്കുന്ന റോഡ് പൂര്ത്തീകരിക്കുന്നതിനു വേണ്ടിയാണു 60 ലക്ഷം രൂപ അനുവദിച്ചത്. ആനന്ദപ്പള്ളി റോഡിന്റെ ദുരവസ്ഥ മനസിലാക്കി പ്രത്യേകമായ നിവേദനം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് നാലു കോടി രൂപ ഇപ്പോള് അനുവദിച്ചത്. ആനന്ദപള്ളി റോഡ് ബിഎം ആന്ഡ് ബിസി നിലവാരത്തില് ആണ് ടാറിങ് നടത്തുക. അതോടൊപ്പം ഐറിഷ് ഡ്രെയിനേജ്, ഇന്റര്ലോക്ക്, പൈപ്പ് കള്വെര്ട്ട്, സംരക്ഷണഭിത്തി എന്നിവയുടെ നിര്മ്മാണവും നടത്തും.

അടൂര്-മണ്ണടി റോഡും ബിഎം ആന്ഡ് ബിസി നിലവാരത്തിലാണ് ടാറിങ്. ഐറിഷ് ഡ്രെയിനേജ്, ഇന്റര്ലോക്ക്, രണ്ട് പൈപ്പ് കള്വെര്ട്ട്, റീട്ടെയിനിങ് വാള് എന്നിവയും ഈ റോഡിനൊപ്പം നിര്മ്മിക്കും. റോഡിന്റെ നിര്മ്മാണ പ്രവര്ത്തനങ്ങള് എത്രയും വേഗം ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എക് സിക്യൂട്ടീവ് എന്ജിനീയര്ക്ക് നിര്ദേശം നല്കിയതായി ചിറ്റയം ഗോപകുമാര് എംഎല്എ പറഞ്ഞു.

(പിഎന്പി 4157/20)

**കോവിഡിനെ പ്രതിരോധിക്കാന് വേറിട്ട മാര്ഗവുമായി കുടുംബശ്രീ**

പ്രതിസന്ധികളെ തരണം ചെയ്യാന് അവയിലെ അവസരങ്ങളെ കണ്ടെത്തുന്നതാണ് യഥാര്ത്ഥ മാര്ഗമെന്ന് തെളിയിക്കുകയാണ് കുടുംബശ്രീ. മഹാമാരിയെ തടയിടാന് ഡിസ് ഇന്ഫെക്ഷന് ടീമുമായി കുടുംബശ്രീ ജില്ലാ മിഷന്. കോവിഡ് പ്രതിരോധത്തില് പുതുസംരഭത്തിനു തുടക്കം കുറിക്കുകയാണ്. പൊതു സ്വകാര്യ സ്ഥാപനങ്ങളിലും വാഹനങ്ങളിലും അണുനശീകരണം നടത്താന് കുടുംബശ്രീ സംരംഭ ടീം സജ്ജമാണ്.

ലോകാരോഗ്യ സംഘടനയുടെ കോവിഡ് പ്രതിരോധ മാര്ഗ നിര്ദ്ദേശങ്ങള് പാലിച്ചുകൊണ്ട് പ്രതിരോധത്തിലൂടെ ഉപജീവനം കണ്ടെത്തുകയാണ് കുടുംബശ്രീ ടീം. ഓരോ ബ്ലോക്കില് നിന്നും ഓരോ ടീം വീതമാണ് ഡിസ്ഇന്ഫെക്ഷന് ടീമായി സജ്ജമാക്കിയിരിക്കുന്നത്. അഗ്നിശമന വിഭാഗത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും സഹകരണത്തോടെ ടീമിനു വിദഗ്ധ പരിശീലനം പൂര്ത്തീകരിച്ച് ടീം പ്രവര്ത്തന സജ്ജമാക്കിയിരിക്കുന്നത്. സംസ്ഥാന സര്ക്കാര് അംഗീകരിച്ച സ്ക്വയര് ഫീറ്റ് നിരക്കാണ് അണുവിമുക്ത പ്രക്രിയയ്ക്ക് ഈടാക്കുന്നത്. ബന്ധപ്പെടേണ്ട നമ്പര്: 9188112605

(പിഎന്പി 4158/20)

**മസ്റ്ററിംഗ് 15നകം നടത്തണം**

വടശേരിക്കര ഗ്രാമപഞ്ചായത്തില് നിന്നും സാമൂഹ്യ സുരക്ഷാ പെന്ഷന് ലഭിച്ചു വരുന്ന ഗുണഭോക്താക്കളില് ഇനിയും മസ്റ്ററിംഗ് നടത്തിയിട്ടില്ലാത്തവര് ഈ മാസം 15നകം ആധാര് കാര്ഡുമായി അക്ഷയ കേന്ദ്രങ്ങളില് നേരിട്ടെത്തി മസ്റ്ററിംഗ് നടത്തണം. പുനര് വിവാഹിത അല്ലെന്നുള്ള സാക്ഷ്യപത്രം നല്കാത്തത് കാരണം പെന്ഷന് ലഭിക്കാത്തവര് ഈ മാസം 15നം വടശേരിക്കര ഗ്രാമപഞ്ചായത്ത് ഓഫീസില് സമര്പ്പിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**കാടവളര്ത്തല് സൗജന്യ ഓണ്ലൈന് പരിശീലനം 13ന്**

തിരുവല്ല മഞ്ഞാടി ഡക്ക് ട്രെയിനിങ് ഇന്സ്റ്റിറ്റ്യൂട്ട് ആന്ഡ് ഹാച്ചറിയുടെ നേതൃത്വത്തില് ഈ മാസം 13ന് രാവിലെ 10.30 മുതല് ഉച്ചയ്ക്ക് ഒന്നുവരെ കാടവളര്ത്തല് എന്ന വിഷയത്തില് സൗജന്യ ഓണ്ലൈന് പരിശീലന ക്ലാസ് നടത്തും. താല്പര്യമുള്ളവര് പേര് രജിസ്റ്റര് ചെയ്യണം. ഫോണ്: 9188522711, 0469 2965535.

**ജില്ലാ ആസൂത്രണ സമിതി യോഗം ഒക്ടോബര് 12ന്**

ജില്ലാ ആസൂത്രണ സമിതി യോഗം ഒക്ടോബര് 12ന് ഉച്ചകഴിഞ്ഞ് മൂന്നിന് ഓണ്ലൈനായി നടക്കും.2020-21 വാര്ഷിക പദ്ധതി ഭേദഗതി അംഗീകരിക്കല് ഉള്പ്പെടെ അജണ്ടയില് ഉള്പ്പെടുത്തിയിട്ടുണ്ട്.

(പിഎന്പി 4161/20)

**ഫോട്ടോഗ്രാഫി, കാര്ട്ടൂണ് പ്രദര്ശനങ്ങള്ക്കും**

**പുരസ്ക്കാരങ്ങള്ക്കുമുള്ള അപേക്ഷാ തീയതി നീട്ടി**

കേരള ലളിതകലാ അക്കാദമിയുടെ 2019-20ലെ സംസ്ഥാന വാര്ഷിക ഫോട്ടോഗ്രാഫി, കാര്ട്ടൂണ് പ്രദര്ശനങ്ങള്ക്കും പുരസ്ക്കാരങ്ങള്ക്കും അപേക്ഷകള് സ്വീകരിക്കുന്ന തീയതി ഒക്ടോബര് 19 വരെ നീട്ടി. അപേക്ഷകള് സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശൂര്-20 എന്ന മേല്വിലാസത്തിലാണ് അയയ്ക്കേണ്ടത്.

**ഓപ്പറേഷന് സ്റ്റോണ് വാള്';**
**ജില്ലയില് നടത്തിയ പരിശോധനയില്**
**5,66,000 രൂപ പിഴ ഈടാക്കി**

വിജിലന്സ് ആന്ഡ് ആന്റി കറപ്ഷന് ബ്യൂറോ ഡയറക്ടറുടെ നിര്ദേശപ്രകാരം 'ഓപ്പറേഷന് സ്റ്റോണ് വാള്' എന്ന പേരില് സംസ്ഥാന വ്യാപകമായി വ്യാഴാഴ്ച (ഒക്ടോബര് 8) പരിശോധന നടത്തി. പത്തനംതിട്ട ജില്ലയില് വ്യാഴാഴ്ച രാവിലെ ആറു മുതല് വിവിധ സ്ഥലങ്ങളില് നടത്തിയ പരിശോധനയില് 26 ടിപ്പര് ലോറികളില് അളവില് കൂടുതല് ക്വാറി ഉല്പ്പന്നങ്ങള് കടത്തി കൊണ്ടുവന്നതായി കണ്ടെത്തി. ലോറി ഉടമകള് 5,66,000 രൂപ പിഴ ഒടുക്കുന്നതിനായി മോട്ടോര് വെഹിക്കിള് ഡിപ്പാര്ട്ട്മെന്റ് നോട്ടീസ് നല്കി. മതിയായ രേഖകള് ഇല്ലാതെ പാറ കടത്തികൊണ്ടുവന്ന ഒരു ടിപ്പര് ലോറി തുടര്നിയമനടപടികള് സ്വീകരിക്കുന്നതിനായി അടൂര് ഡി.വൈ.എസ്.പിയെ ചുമതലപ്പെടുത്തി.

ആറു ക്വാറികളില് വിജിലന്സ് സംഘം നേരിട്ട് പരിശോധന നടത്തി. വിജിലന്സ് ആന്ഡ് ആന്റി കറപ്ഷന് ബ്യൂറോ ദക്ഷിണ മേഖലാ പോലീസ് സൂപ്രണ്ട് ആര്.ജയശങ്കറുടെ നിര്ദേശ പ്രകാരം പത്തനംതിട്ട യൂണിറ്റ് ഡി.വൈ.എസ്.പി:ആര്.ജയരാജ്, ഇന്സ്പെക്ടര്മാരായ സി.എസ് ഹരി, കെ. മണികണ്ഠനുണ്ണി, ഡി.രജീഷ് കുമാര്, സബ് ഇന്സ്പെക്ടര്മാരായ ലിന്സണ്, ആര്.അനില് എന്നിവര് പരിശോധനയില് പങ്കെടുത്തു.

(പിഎന്പി 4166/20)

**മസ്റ്ററിംഗ് 15നകം നടത്തണം**

വള്ളിക്കോട് ഗ്രാമപഞ്ചായത്തില് നിന്നും സാമൂഹ്യ സുരക്ഷാ പെന്ഷന് ലഭിച്ചു വരുന്ന ഗുണഭോക്താക്കളില് ഇനിയും മസ്റ്ററിംഗ് നടത്തിയിട്ടില്ലാത്തവര് ഈ മാസം 15നകം ആധാര് കാര്ഡുമായി അക്ഷയ കേന്ദ്രങ്ങള് വഴി മസ്റ്ററിംഗ് നടത്തണം. ബയോമെട്രിക് മസ്റ്ററിംഗ് സാങ്കേതികമായി പരാജയപ്പെടുന്നവര് മാസം 15നകം ഗസറ്റഡ് ഓഫീസര് സാക്ഷ്യപ്പെടുത്തിയ ലൈഫ് സര്ട്ടിഫിക്കറ്റ് പഞ്ചായത്ത് ഓഫീസ് ഓഫീസില് ഹാജരാക്കണം. കിടപ്പുരോഗികളായ പെന്ഷന് ഗുണഭോക്താക്കളുടെ ബന്ധുക്കള് ഹോം മസ്റ്ററിംഗിന് പഞ്ചായത്ത് ഓഫീസില് അപേക്ഷ സമര്പ്പിക്കണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

# പത്തനംതിട്ട ജില്ല
## കോവിഡ്-19 കണ്‍ട്രോള്‍ സെല്‍ ബുള്ളറ്റിന്‍
## തീയതി. 08.10.2020

- പ്രോഗ്രാം ആഫീസര്‍മാരുടെയും മാനേജ്മെന്റ് ടീം ലീഡര്‍മാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കല്‍ ആഫീസറുടെ ചേമ്പറില്‍ കൂടി.
- പത്തനംതിട്ട ജില്ലയില്‍ ഇന്ന് **295** പേര്‍ക്ക് കോവിഡ്-**19** സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരില്‍ **14** പേര്‍ വിദേശ രാജ്യങ്ങളില്‍ നിന്ന് വന്നവരും, **62** പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നവരും, **219** പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ സമ്പര്‍ക്കപശ്ചാത്തലം വ്യക്തമല്ലാത്ത **25** പേരു ്.
- <u>ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥപനങ്ങള്‍ തിരിച്ചുള്ള കണക്ക്</u>

| ക്രമ നമ്പര്‍ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 1 | അടൂര്‍<br>(പറക്കോട്, പന്നിവിഴ, കണ്ണംകോട്, അടൂര്‍) | 6 |
| 2 | പന്തളം<br>(മുടിയൂര്‍കോണം, പൂഴിക്കാട്, മങ്ങാരം, | 6 |
| 3 | പത്തനംതിട്ട<br>(കുലശേഖരപതി, കല്ലറകടവ്, കുമ്പഴ, വലഞ്ചുഴി, ആനപ്പാറ, മു ുകോട്ടയ്ക്കല്‍, കൊടുന്തറ, അഴൂര്‍) | 33 |
| 4 | തിരുവല്ല<br>(കാവുംഭാഗം, തുകലശ്ശേരി, കുറ്റപ്പുഴ, മതില്‍ഭാഗം, മത്തൂര്‍, കറ്റോട്) | 25 |
| 5 | ആറന്മുള | 1 |
| 6 | അരുവാപുലം | 1 |
| 7 | അയിരൂര്‍ | 1 |
| 8 | ചെന്നീര്‍ക്കര | 5 |
| 9 | ചിറ്റാര്‍ | 1 |
| 10 | ഇലന്തൂര്‍ | 3 |
| 11 | ഏനാദിമംഗലം | 4 |
| 12 | ഏറത്ത്<br>(വടക്കടത്തുകാവ്, ചൂരക്കോട്, മണക്കാല) | 8 |
| 13 | ഏഴംകുളം<br>(ഏനാത്ത്, നെടുമണ്‍) | 10 |
| 14 | എഴുമറ്റൂര്‍ | 6 |
| 15 | കടമ്പനാട്<br>(കടമ്പനാട്, മണ്ണടി, നെല്ലിമുകള്‍) | 10 |
| 16 | കടപ്ര | 4 |
| 17 | കലഞ്ഞൂര്‍ | 2 |
| 18 | കല്ലൂപ്പാറ | 3 |
| 19 | കവിയൂര്‍ | 6 |
| 20 | കൊടുമണ്‍ | 5 |
| 21 | കോയിപ്രം | 3 |
| 22 | കോന്നി<br>(എലിയറയ്ക്കല്‍, വെള്ളപ്പാറ, മങ്ങാരം, ചെങ്ങറ) | 7 |
| 23 | കൊറ്റനാട് | 4 |
| 24 | കുളനട | 3 |

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 25 | കുന്നന്താനം | 2 |
| 26 | കുറ്റൂർ | 3 |
| 27 | മലയാലപ്പുഴ<br>(കിഴക്കുപുറം, ഏറം, താഴം, കുമ്പളാംപൊയ്ക) | 8 |
| 28 | മല്ലപ്പള്ളി | 5 |
| 29 | മല്ലപ്പുഴശ്ശേരി | 2 |
| 30 | മെഴുവേലി | 1 |
| 31 | മൈലപ്ര | 4 |
| 32 | നാറാണംമൂഴി | 3 |
| 33 | നാരങ്ങാനം | 4 |
| 34 | നെടുമ്പ്രം | 1 |
| 35 | നിരണം | 5 |
| 36 | ഓമല്ലൂർ<br>(മണ്ണാറമല, ഓമല്ലൂർ, പുത്തൻപീടിക) | 13 |
| 37 | പള്ളിക്കൽ<br>(പള്ളിക്കൽ, തെങ്ങമം, തോട്ടുവ, പെരിങ്ങനാട്, പഴകുളം, ചേന്നംപ്പള്ളിൽ, മേലൂട്, പയ്യനല്ലൂർ) | 28 |
| 38 | പന്തളം-തെക്കേക്കര | 1 |
| 39 | പ്രമാടം | 5 |
| 40 | പുറമറ്റം | 3 |
| 41 | റാന്നി<br>(റാന്നി, ഉതിമൂട്) | 6 |
| 42 | റാന്നി-അങ്ങാടി | 2 |
| 43 | റാന്നി-പഴവങ്ങാടി<br>(കരികുളം, അടിച്ചുപ്പുഴ, ഐത്തല, പഴവങ്ങാടി) | 9 |
| 44 | റാന്നി-പെരുനാട്<br>(പുതുക്കട യൂണിറ്റി പ്ലാന്റേഷൻ) | 11 |
| 45 | വടശ്ശേരിക്കര | 4 |
| 46 | വള്ളിക്കോട് | 3 |
| 47 | വെച്ചൂച്ചിറ | 4 |
| 48 | മറ്റ് ജില്ലക്കാർ | 11 |

- ജില്ലയിൽ ഇതുവരെ ആകെ **9966** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ **7296** പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.

- ഇന്ന് ജില്ലയിൽ കോവിഡ് ബാധിതനായ ഒരാളുടെ മരണം റിപ്പോർട്ട് ചെയ്തു.
  1) **05.10.2020-ൽ** രോഗബാധ സ്ഥിരീകരിച്ച റാന്നി, കീക്കൊഴൂർ സ്വദേശി **(69) 08.10.2020-ന്** കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മരണമടഞ്ഞു.

- കോവിഡ്-**19** മൂലം ജില്ലയിൽ ഇതുവരെ **63** പേർ മരണമടഞ്ഞു. കൂടാതെ കോവിഡ് ബാധിതരായ **3** പേർ മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞിട്ടു ്.
- ജില്ലയിൽ ഇന്ന് **89** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **6959** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **2646** പേർ രോഗികളായിട്ടു ്. ഇതിൽ **2527** പേർ ജില്ലയിലും, **119** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

- ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം.

| ക്രമ നമ്പർ | ആശുപത്രികൾ/ CFLTC/CSLTC | എണ്ണം |
|---|---|---|
| 1 | ജനറൽ ആശുപത്രി പത്തനംതിട്ട | 199 |
| 2 | ജില്ലാ ആശുപത്രി കോഴഞ്ചേരി | 114 |
| 3 | റാന്നി മേനാംതോട്ടം CSLTC | 90 |
| 4 | പന്തളം അർച്ചന CFLTC | 121 |
| 5 | കോഴഞ്ചേരി മുത്തൂറ്റ് CSLTC | 108 |
| 6 | പെരുനാട് കാർമ്മൽ CFLTC | 89 |
| 7 | പത്തനംതിട്ട ജിയോ CFLTC | 74 |
| 8 | ഇരവിപേരൂർ യാഹിർ CFLTC | 33 |
| 9 | അടൂർ ഗ്രീൻവാലി CFLTC | 55 |
| 10 | നെടുമ്പ്രം CFLTC | 61 |
| 11 | മല്ലപ്പള്ളി CFLTC | 46 |
| 12 | കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | 1417 |
| 13 | സ്വകാര്യ ആശുപത്രികളിൽ | 115 |
| ആകെ | | **2522** |

- ജില്ലയിൽ **14808** കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **2374** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ **3719** പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **116** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ **177** പേരും ഇതിൽ ഉൾപ്പെടുന്നു.
- ആകെ **20901** പേർ നിരീക്ഷണത്തിലാണ്.
- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| 1 | ദൈനംദിന പരിശോധന (RTPCR Test) | 81690 | 1129 | 82819 |
| 2 | ട്രൂനാറ്റ് പരിശോധന | 2433 | 30 | 2463 |
| 3 | സി.ബി.നാറ്റ് പരിശോധന | 75 | 0 | 75 |
| 4 | റാപ്പിഡ് ആന്റിജൻ പരിശോധന | 47648 | 1061 | 48709 |
| 5 | റാപ്പിഡ് ആന്റിബോഡി പരിശോധന | 485 | 0 | 485 |
| **ആകെ ശേഖരിച്ച സാമ്പിളുകൾ** | | 132331 | 2220 | 134551 |

- കൂടാതെ ജില്ലയിലെ സ്വകാര്യ ലാബുകളിൽ നിന്ന് ഇന്ന് **1000** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.

- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ **3220** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- **2139** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-**19** മൂലമുള്ള മരണനിരക്ക് **0.63** ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് **7.08** ശതമാനമാണ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ **62** കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ **98** കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **1517** കോളുകൾ നടത്തുകയും, **11** പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.

**ജില്ലാ കളക്ടർ**
**പത്തനംതിട്ട**